കുപ്രസിദ്ധ മോഷ്ടാവിനെ അറസ്റ്റ് ചെയ്തു

പെരുമ്പാവൂർ: കേരളത്തിൽ ഉടനീളം 200ലധികം മോഷണ കേസുകളിൽ പ്രതിയായ കുപ്രസിദ്ധ മോഷ്ടാവിനെ കുറുപ്പുംപടി പൊലീസ് അറസ്റ്റ് ചെയ്തു. തീവെട്ടി ബാബു എന്നറിയപ്പെടുന്ന കൊല്ലം സ്വദേശി ബാബുവാണ് (61) പൊലീസിന്റെ പിടിയിലായത്. പുല്ലുവഴിയിലെ ബേക്കറിയിൽ നിന്ന് പണവും മൊബൈൽ ഫോണും ടാബ്ലറ്റും മോഷ്ടിച്ച കേസിലാണ് ഇപ്പോൾ പിടിയിലായിട്ടുള്ളത്.

വെള്ളിയാഴ്ച രാത്രി 11.30നാണ് സംഭവം. ബേക്കറിയുടെ പൂട്ട് കമ്പിപ്പാര ഉപയോഗിച്ച് തകർത്ത് അകത്തു കടന്ന് മേശയിൽ സൂക്ഷിച്ചിരുന്ന 15,000 രൂപയും, വിവോ കമ്പനിയുടെ മൊബൈൽ ഫോണും, റിയൽമി കമ്പനിയുടെ ടാബ്ലറ്റും പ്രതി മോഷ്ടിച്ചു. ശനിയാഴ്ച രാവിലെ കടതുറക്കാൻ എത്തിയപ്പോഴാണ് സ്ഥാപന ഉടമ വിവരം അറിയുന്നത്. ഉടമ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസെടുത്ത കുറുപ്പംപടി പൊലീസ് സിസിടിവി ദൃശ്യങ്ങളുടെയും മറ്റ് ശാസ്ത്രീയ തെളിവുകളുടെയും അടിസ്ഥാനത്തിൽ പ്രതിയെ പിടികൂടുകയായിരുന്നു. ഇയാൾ കേരളത്തിൽ ഉടനീളം 200ൽ അധികം മോഷണ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ആളാണ്.

40ഓളം കേസുകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. സംസ്ഥാനത്തെ നിരവധി പൊലീസ് സ്റ്റേഷനുകളിൽ പ്രതിക്കു വേണ്ടി അന്വേഷണം നടക്കുമ്പോഴാണ് ഇയാൾ കുറുപ്പുംപടി പൊലീസിന്റെ വലയിലാകുന്നത്. മറ്റ് എവിടെ നിന്നോ മോഷണം നടത്തിയ ഒരു സ്കൂട്ടറിൽ കറങ്ങി നടന്ന് കടകളുടെ പൂട്ട് തകർത്ത് കവർച്ച നടത്തുന്ന പ്രതി ഇതേ സ്കൂട്ടറിൽ തന്നെയാണ് മോഷണ മുതലുകൾ കൊണ്ടുപോകുന്നത്. കുറുപ്പുംപടി പൊലീസ് ഇൻസ്പെക്ടർ രാജേഷ് കുമാറിന്റെ നേതൃത്വത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് ഒരു മണിക്കൂറിനുള്ളിൽ പ്രതിയെ പിടികൂടി എന്നതാണ് പ്രത്യേകത. എസ് ഐമാരായ മുഹമ്മദ്, ഇബ്രാഹിംകുട്ടി, ജോസഫ്, സി പി ഓമാരായ അരുൺ കരുണൻ, റഷീദ്, ബാലു, ജിൻസ് എന്നിവർ ചേർന്ന് പിടികൂടിയ പ്രതിയെ കോടതിയിൽ ഹാജരാക്കും.

പാഴൂർ തൂക്കുപാലം അപകടാവസ്ഥയിൽ; കക്കാടുകാർ 'ഞാണിന്മേൽ ആടി' മറുകരയെത്തുന്നു

പ്രിൻസ് ഡാലിയ

പിറവം: നഗരസഭയിൽ പാഴൂർ-കക്കാട് കരകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാഴൂർ തൂക്കുപാലം അപകട ഭീഷണി ഉയർത്തുന്നു. അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലം പാലം പൂർണമായി തുരുമ്പെടുത്തയവസ്ഥയാണ്.കക്കാട് ഭാഗത്തു നിന്നുള്ളവർക്ക് പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രം, പിറവം ടൗൺ, എറണാകുളം ഭാഗത്തേക്കും മറ്റും പോകാനുള്ള പ്രധാന വീഥിയാണിത്. നൂറിലധികം കുടുംബങ്ങളാണ് തൂക്കുപാലത്തെ ആശ്രയിക്കുന്നത്. ഇതല്ലെങ്കിൽ പാഴൂർ വഴി കിലോമീറ്ററുകൾ സഞ്ചരിച്ചു വേണം പിറവത്ത് എത്തിച്ചേരാൻ. ദിവസവും നിരവധി സ്കൂൾ കുട്ടികളാണ് ഇതുവഴി കടന്നു പോകുന്നത്.



അപകടാവസ്ഥയിലായ പാഴൂർ തൂക്കുപാലം., പാഴൂർ പെരുംതൃക്കോവിൽ ക്ഷേത്രത്തിന്റെ പശ്ചാത്തലത്തിൽ.

പാഴൂർ പെരുംതൃക്കോവിൽ മഹാദേവ ക്ഷേത്രത്തിന് സമീപം മുവാറ്റുപുഴയാറിന് കുറുകെ 150 മീറ്റർ നീളത്തിൽ 2.15 കോടി രൂപ മുടക്കിയാണ് 2013 - ൽ തൂക്കു പാലത്തിന്റെ നിർമാണം പൂർത്തിയാക്കിയത്. 13 വർഷം പിന്നിട്ട പാലത്തിന് യാതൊരു വിധ അറ്റകുറ്റപ്പണികളും ഇതുവരെ നടത്തിയിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ കേരള ഇലട്രിക്കൽസ് ലിമിറ്റഡ് (കെൽ) ആണ് നിർമിച്ചത്. മൂന്നു വർഷമായിരുന്നു ഗാരണ്ടി. പൂർണമായും ഇരുമ്പിൽ നിർമിച്ചിരിക്കുന്ന പാലം, ഓരോ രണ്ടു വർഷം കൂടുമ്പോഴും തുരുമ്പ് നീക്കം ചെയ്ത് പെയിന്റ് അടിക്കേണ്ടതാണ്. എന്നാൽ ഇതുവരെ ഇങ്ങനെയൊരു നീക്കം ഉണ്ടായില്ല. ഇതുമൂലം പാലത്തിന്റെ തൂക്കുകമ്പികൾ, ക്രോസ് ബാറുകൾ, ചെക്കാർഡ് ഷീറ്റുകൾ, കൈവരികൾ തുടങ്ങിയവ തുരുമ്പിച്ചു കഴിഞ്ഞു. പാലത്തിന്റെ തറയിലെ ഷീറ്റുകൾ പലയിടത്തും വിട്ടാണിരിക്കുന്നത്. ദുരന്ത നിവാരണ വകുപ്പിൽ നിന്നുമാണ് തൂക്കു പാലത്തിന് തുക അനുവദിച്ചത്.

കെൽ നിർമാണം പൂർത്തിയാക്കുന്ന പാലങ്ങൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനോ, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കോ ആണ് ഉടമസ്ഥാവകാശം നൽകേണ്ടത്. എന്നാൽ പാഴൂർ തൂക്കുപാലത്തിന്റേയും, നഗരസഭയിലുള്ള മറ്റൊരു പാലമായ, കളമ്പൂർ തൂക്കുപാലത്തിന്റേയും കാര്യത്തിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല. കളമ്പൂർ തൂക്കു പാലം രണ്ടാമത് പുനർനിർമിച്ചതിനാൽ വലിയ ക്ഷതങ്ങളൊന്നും സംഭവിച്ചിട്ടില്ല.

നേരത്തെ അനൂപ് ജേക്കബ് എംഎൽഎ ഇടപെട്ടതാണ്. അന്ന് റവന്യു ഡിവിഷണൽ ഓഫീസറോട് കലക്ടർ നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടതാണെങ്കിലും പിന്നീട് മുന്നോട്ടു പോയില്ല.നേരത്തെ കടത്തുവഞ്ചിയിലായിരുന്നു കക്കാട് നിവാസികൾ മറുകരയിൽ എത്തിയിരുന്നത്. തൂക്കുപാലം വന്നതോടെ നഗരസഭ വഞ്ചി പിൻവലിച്ചു. ഇപ്പോൾ കക്കാടുകാർ ജീവൻ പണയം വെച്ച് 'ഞാണിന്മേൽ ആടിയാണ്' പാഴൂര് എത്തുന്നത്.

ബാലജനയോഗം പ്രവേശനോത്സവം

കൂത്താട്ടുകുളം: എസ് എൻ ഡി പി യോഗം കൂത്താട്ടുകുളം 224 -ാ0 നമ്പർ ശാഖയിൽ ബാലജനയോഗം പ്രവേശനോത്സവവും പഠനോപകരണങ്ങളുടെ വിതരണവും അദ്വൈതം ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. ശാഖാ പ്രസിഡന്റ് ഡി. സാജുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം എസ് എൻ ഡി പി യോഗം കൂത്താട്ടുകുളം യൂണിയൻസെക്രട്ടറി സി. പി. സത്യൻ ഉദ്ഘാടനം ചെയ്തു.

യൂണിയൻ കൗൺസിലർ എംപി ദിവാകരൻയൂണിയൻ വനിതാ സംഘം പ്രസിഡന്റ് ലളിത വിജയൻ വനിതാ സംഘം കേന്ദ്ര സമിതി അംഗം ഷീലസാജു യൂണിയൻ യൂത്ത്മൂവ്മെന്റ് പ്രസിഡന്റ് അരുൺ വി ദേവ് സെക്രട്ടറി അജേഷ് വിജയൻ സജി മലയിൽശാഖ ഭരണസമിതി അംഗങ്ങൾ ശാഖാ വനിതാ സംഘം യൂത്ത് മൂവ്മെന്റ് ഭാരവാഹികൾ പെൻഷണേഴ്സ് കൗൺസിൽ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു .ബാലജനയോഗം പ്രധാന അദ്ധ്യാപിക ഗീതാ കൃഷ്ണൻകുട്ടിയെ ചടങ്ങിൽ ആദരിച്ചു യോഗത്തിൽ ശാഖാ സെക്രട്ടറിസ്വാഗതവും എൻ എം ഷിജു നന്ദിയും പറഞ്ഞു.

എംഎ കോളെജിൽ അധ്യാപക ഒഴിവ്

കോതമംഗലം : കോതമംഗലം മാർ അത്തനേഷ്യസ് കോളെജിൽ സെൽഫ് ഫിനാൻസിംഗ് വിഭാഗത്തിൽ കോമേഴ്സ് അധ്യാപക ഒഴിവ്. നെറ്റ് / പി എച്ച് ഡി യോഗ്യതയുള്ളവർക്ക് മുൻഗണന.കൂടാതെ സിവിൽ വർക്ക് സൂപ്പർവൈസർ ഒഴിവുമുണ്ട്.താല്പര്യമുള്ള യോഗ്യരായവർ careers@macollege.in എന്ന ഇ മെയിൽ വിലാസത്തിൽ ഈ മാസം 30നകം അപേക്ഷിക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. വിവരങ്ങൾക്ക് 0485-2822378.

ദേശീയപാതയിൽ അപകടക്കുഴി

കോതമംഗലം: കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ കോതമംഗലം എം. എ കോളെജ് ജംക്ഷനു സമീപം അപകടക്കുഴി. ജല അതോറിറ്റിയുടെ വിതരണ പൈപ്പ് പൊട്ടിയതും തുടർന്നു നടത്തിയ അറ്റകുറ്റപ്പണിയുമാണു കുഴി രൂപപ്പെടാൻ കാരണം. കുഴിയിൽ ചാടി ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ അപകടത്തിൽപെട്ടു. വലിയ വാഹനങ്ങൾക്കും കുഴി ഭീഷണിയാണ്. അപ്രതീക്ഷിതമായി കുഴിയിൽ ചാടിയാൽ വാഹനങ്ങൾക്കു നിയന്ത്രണം നഷ്ടപ്പെടും. അപകടം പതിവായതിനെത്തുടർന്നു സമീപത്തെ വ്യാപാരികൾ മുന്നറിയിപ്പ് നൽകാൻ പ്ലാസ്റ്റിക് ബാരിക്കേഡ് വച്ചിട്ടുണ്ട്. പൈപ്പുകളുടെ അറ്റകുറ്റപ്പണി നടത്തുമ്പോൾ രൂപപ്പെടുന്ന കുഴി ഉടൻ അടയ്ക്കണമെന്നു നിർദേശമുള്ളതാണ്.എന്നാൽ, ഇവിടെ ഇതു പാലിച്ചിട്ടില്ല. കുഴി അടയ്ക്കുന്നതിൽ അധികൃതർ കാണിക്കുന്ന അനാസ്ഥയിൽ പ്രതിഷേധം ഉയരുന്നുണ്ട്.

വിദ്യാർഥിനിയെ കാണാതായി

പിറവം: പ്ലസ്ടു വിദ്യാർത്ഥിനിയെ കാണാതായതായി പരാതി. പിറവത്തെ സ്കൂളിൽ പഠിക്കുന്ന കുട്ടിയെയാണ് കാണാതായത്. പിതാവിന്റെ പരാതി യിൽ മുളന്തുരുത്തി പൊലീസ് കേസെടുത്ത് അന്വേഷണമാരംഭിച്ചിട്ടുണ്ട്. വെള്ളിയാഴ്ചയാണ് കുട്ടിയ കാണാതായത്. രാവിലെ സ്കൂളിലേക്ക് പുറ പ്പെട്ട കുട്ടി വൈകിയിട്ടും മടങ്ങിയെത്താതെ വന്നതിനെ തുടർന്നാണ് വീട്ടുകാർ അന്വേഷണമാരംഭിച്ചത്.

പ്രിയദർശിനി: മൂന്നാറിലേക്കും എറണാകുളത്തേക്കും ആനവണ്ടിയിൽ സൗജന്യ യാത്ര

കോതമംഗലം: പ്രിയദർശിനി പദ്ധതിയിൽ കോതമംഗലത്തുനിന്ന് മൂന്നാറിലേക്കും എറണാകുളത്തേക്കും സ്ത്രീകൾക്ക് സൗജന്യമായി യാത്ര ചെയ്യാം. 80 കിലോമീറ്റർ ദൂരെയുള്ള മൂന്നാറിലേക്ക് കോതമംഗലത്തുനിന്ന് കെഎസ്ആർടി സിയുടെ ഓർഡിനറി ബസ് സർവീസുണ്ട്. ഇടുക്കിഡാം കാണുന്നതിനും ഇതേ സൗകര്യം ലഭിക്കും. കട്ടപ്പനയ്ക്കുള്ള ഓർഡിനറി സർവീസിലാണ് കയറേണ്ടത്. സൗജന്യമായി എറണാകുളത്തേക്ക് യാത്ര ചെയ്യാനും സ്ത്രീകൾക്ക് അവസരം ലഭിക്കും. കോതമംഗലത്തുനിന്നും ഇടമലയാർ വഴി താളുംകണ്ടം ആദിവാസി ഉന്നതിയിലേക്കും ഓഡിനറി സർവീസ് ഉണ്ട്.ദീർഘദൂര സർവീസുകൾക്ക് പുറമെ ഒട്ടുമിക്ക പ്രാദേശിക റൂട്ടുകളിലും ഓർഡിനറി ബസുണ്ട്. കോതമംഗലം ഡിപ്പോയിൽ 22 മുതൽ 26 വരെ ബസുകളാണ് ഓർഡിനറി സർവീസ് നടത്തുന്നത്.

തൊഴിലിടങ്ങളിൽ ക്രെഷുകൾ നിർബന്ധമാക്കണം: കലക്റ്റർ

കാക്കനാട്: അമ്പതോ അതിലധികമോ അതിഥി ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും നിർബന്ധമായും ക്രെഷ് സൗകര്യം ഏർപ്പെടുത്തണമെന്ന് വിഷയം ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത പ്രത്യേക യോഗത്തിൽ ജില്ലാ കലക്ടർ പറഞ്ഞു.

മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ എല്ലാ സംഘടനകളും, തൊഴിൽദായകരും തയ്യാറാക്കണം. തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അവരുടെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് നിയമം ഉദ്ദേശിക്കുന്നത്. 50-ൽ അധികം തൊഴിലാളികളുള്ള തൊഴിലിടങ്ങളിൽ ക്രെഷുകൾ നിർബന്ധമാണ്. നിയമപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ വരും ദിവസങ്ങളിൽ നടപടികൾ സ്വീകരിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

കലക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ ജെബിൻ ലോലിത സെൻ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ ജയന്തി പി നായർ, ജില്ലാ ലേബർ ഓഫീസർ (ജനറൽ) എം ജയശ്രീ മറ്റു വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കൂത്താട്ടുകുളത്ത് ആവേശമായി അർജന്റീന-ബ്രസീൽ ഫാൻസ് ഫുട്ബോൾ മത്സരം

കൂത്താട്ടുകുളം: കഴിഞ്ഞ ആറു മാസമായി കൂത്താട്ടുകുളത്ത് 4വയസ് മുതൽ 17 വയസ് വരെ ഉള്ള കുട്ടികൾക്കായി മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന ഫ്യൂഗോ അക്കാദമി ഫുട്ബോൾ ആരാധകർക്കായി സംഘടിപ്പിച്ച അർജന്റീന-ബ്രസീൽ ഫാൻസ് മത്സരം ഏറെ ആവേശകരമായി. കായിക പ്രേമികളുടെ വൻ പങ്കാളിത്തമാണ് ഗ്രൗണ്ടിൽ ദൃശ്യമായത്.

മത്സരത്തിൽ അർജന്റീന ടീമിനെ നയിച്ചത് വെറ്ററൻ താരവും മുൻ ഉഴവൂർ കോളെജ് ക്യാപ്റ്റനും കൈമ ഫുട്ബോൾ ക്ലബ് താരവുമായ ബെന്നി മാത്യുവും ബ്രസീൽ ടീമിനെ നയിച്ചത് വെറ്ററൻ താരവും മുൻകാല കൈമ ഫുട്ബോൾ ക്ലബ് താരവും കൂത്താട്ടുകുളം കൗൺസിലറുമായ ഭാസ്കരൻ ആയിരുന്നു. മുൻകാല താരങ്ങൾ മാത്രമല്ല, സന്തോഷ് ട്രോഫി കളിച്ചവരും വിവിധ സർവ്വകലാശാലകളെ പ്രതിനിധീകരിച്ച് കളിക്കുന്നവരുമായ മികച്ച യുവതാരങ്ങളും ഈ ആവേശപ്പോരാട്ടത്തിൽ അണിനിരന്നു.

ഫുട്ബോൾ സ്നേഹികൾക്ക് വലിയൊരു വിരുന്നായി മാറിയ മത്സരം ഫ്യൂഗോ അക്കാദമിയുടെ പ്രവർത്തന മികവിനെ അടയാളപ്പെടുത്തുന്ന ഒന്നായി മാറി. പ്രാദേശിക കായിക രംഗത്ത് പുതിയ ഉണർവ് നൽകാൻ ഇത്തരം മത്സരങ്ങൾ സഹായിക്കുമെന്ന് സംഘാടകർ അറിയിച്ചു. സൗഹൃദ മത്സരത്തിൽ ബ്രസീൽ രണ്ടിനെതിരെ നാല് ഗോളുകൾക്ക് വിജയിച്ചു

തുല്യതയും അവസരസമത്വവും എല്ലാ പൗരന്മാർക്കും ലഭ്യമാകണം: മന്ത്രി

ആലുവ: ഭരണഘടന ഉറപ്പു നൽകുന്ന അവസര സമത്വവും തുല്യതയും എല്ലാ പൗരന്മാർക്കും ലഭ്യമാകണമെന്ന് ഫിഷറീസ്. സാമൂഹ്യ നീതി വകുപ്പ് മന്ത്രി വി ഇ അബ്ദുൾ ഗഫൂർ പറഞ്ഞു . ഭാരതീയ ഹ്യൂമൺ റൈറ്റ്സ് ഫോറം (ബി എച്ച് ആർ എഫ്) ജില്ലാ നേതൃ സംഗമവും സെമിനാറും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം .

ഇന്ത്യൻ ഭരണഘടനയിൽ മാത്രമാണ് പരിസ്ഥിതി നിലനിർത്തേണ്ടുന്ന ആവശ്യകതയെക്കുറിച്ച് പ്രതിപാദിക്കുന്നുള്ളു . പുതിയ തലമുറ ഭരണഘടന വായിച്ചു മനസിലാക്കേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. കടുങ്ങല്ലൂർ ജി എച്ച് എസ് ഹാളിൽ നടന്ന സംഗമത്തിൽ ജില്ലാ ചെയർമാൻ ഡോ അനിൽകുമാർ ജി നായർ അധ്യക്ഷനായി . വർക്കിംഗ് ചെയർമാൻ ഷാജി ഇടപ്പളളി ആമുഖ പ്രഭാഷണം നടത്തി. ഭരണഘടനയും മനുഷ്യാവകാശങ്ങളും എന്ന സെമിനാറിൽ അഡ്വ പി എ അയൂബ് ഖാൻ വിഷയാവതരണം നടത്തി. കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ഗീത സലിംകുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സിന്ധു പനപ്പിള്ളി, ഗ്രാമ പഞ്ചായത്ത് അംഗം ജ്യോതി, ജില്ലാ സെക്രട്ടറി നാസർ വി എച്ച്. സബിത പി എ, വിനോദ് പി സി, അഡ്വ ശ്രീജ കെ എസ്, വെണ്ണല മോഹൻ, ജെൻസി എം ജെ, ബിന്ദുമോൾ പി എസ്, വി സുധീർ എന്നിവർ പ്രസംഗിച്ചു. രക്ത ദാതാവ് ഷമീർ നൂറുദ്ധിനെ ചടങ്ങിൽ ഉപഹാരം നൽകി ആദരിച്ചു

ഭാരതീയ ഹ്യൂമൻ റൈറ്റ്സ് ഫോറം ജില്ലാ നേതൃസംഗമവും സെമിനാറും മന്ത്രി വി ഇ അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്യുന്നു.

അവാർഡ് ദാനവും എംഎൽഎയ്ക്ക് സ്വീകരണവും

ചങ്ങനാശേരി: മെറിറ്റ്അവാർഡ് ദാനവും എംഎൽഎ ക്ക് സ്വീകരണവും തെങ്ങണ പുതൂർപ്പള്ളി മുസ്ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ നടത്തി. മെറിറ്റ് ഈവനിംഗ് വിനു ജോബ് എം.എൽ. എ ഉദ്ഘാടനം ചെയ്തു. ജമാഅത്ത് പ്രസിഡന്റ് പി.എം ഷഫീക് അധ്യക്ഷത വഹിച്ചു.

തെങ്ങണ പുതൂർപ്പള്ളി ചീഫ് ഇമാം മൻസൂർ അൽ ഖാസിമി മുഖ്യപ്രഭാഷണം. നടത്തി. മീനടം ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ അൻസീം മറ്റപുരയിടം കരിയർ മോട്ടിവേഷൻ ക്ലാസ് നയിച്ചു. പരീക്ഷകളിൽ ഉന്നത വിജയം നേടിയ 35 ഓളം വിദ്യാർത്ഥികളെ അനുമോദിച്ചു. ജമാഅത്ത് ഭാരവാഹികൾ വിനു ജോബ് എംഎൽ.എ യ്ക്ക് സ്വീകരണം നൽകി.

തെങ്ങണ പുതൂർപ്പള്ളി മുസ്ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ നടത്തിയ മെറിറ്റ് ഈവനിങ് വിനു ജോബ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

നസീം മന്നാനി ഉസ്താദ്, അനീഷ് ചിറത്തലക്കൽ,മുഹമ്മദ് ഷാ, അബ്ദുൽ റഷീദ്, നസീർ ഹുസൈൻ, അഷ്‌റഫ് റസാലി, ടി. എൻ നൗഫൽ അൽത്താഫ് സലാം എന്നിവർ സംസാരിച്ചു.

'മൗനസാഗരം' പുസ്തകം പ്രകാശനം ചെയ്തു

ചേർത്തല: യുവസാഹിത്യകാരി പ്രിയങ്കനെറ്റോയുടെ 'മൗന സാഗരം' എന്ന പുസ്തകം എഴുത്തുകാരനായ അനുരാഗ് ഗോപിനാഥ് പ്രകാശനം ചെയ്തു. സ്നേഹവും പ്രത്യാശയും ജീവിതാനുഭവങ്ങളുമൊത്ത് വായനക്കാരെ പുതിയ ചിന്തകളിലേക്ക് കൈപിടിച്ചുനടത്തുന്ന കൃതിയാണ് മൗനസാഗരം; അനുരാഗ് ഗോപിനാഥ് അഭിപ്രായപ്പെട്ടു.ആദ്യപ്രതി ഫാ. ജേക്കബ് നടുവിലെക്കളം ഏറ്റുവാങ്ങി. കാർമൽ സെൻട്രൽ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അധ്യാപകരും സാഹിത്യപ്രേമികളും സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖരും പങ്കെടുത്തു.

യുവസാഹിത്യകാരി പ്രീയങ്കാ നെറ്റോയുടെ 'മൗനസാഗരം' എന്ന കൃതി എഴുത്തുകാരനായ അനുരാഗ് ഗോപിനാഥ് പ്രകാശനം ചെയ്യുന്നു.

ചടങ്ങിൽ കെ.ഇ. കാർമൽ സെൻട്രൽ സ്കൂൾ പ്രിൻസിപ്പൽ ഫാ. സ്കറിയ എതിരേറ്റ് അധ്യക്ഷനാ പ്രസംഗം നടത്തി. ക്രൈസ്റ്റ് നഗർ സ്കൂൾ, മാരനല്ലൂർ പ്രിൻസിപ്പൽ ഫാ. സാംജി വടക്കേടം ഉദ്ഘാടനം നിർവഹിച്ചു.

കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് കുമാർ, പാൻഡോറ പബ്ലിഷേഴ്സി പ്രതിനിധി തോമസ് സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ നേർന്നു. ഇടവേളകളിൽ അവതരിപ്പിച്ച ഗാനങ്ങൾ ചടങ്ങിന് കലാസൗന്ദര്യം പകർന്നു.

നേർച്ച സദ്യയിൽ പതിനായിരങ്ങൾ പങ്കെടുത്തു

പറവൂർ: തിരുഹൃദയ തിരുന്നാളിനായി മുഖ്യമന്ത്രിയെത്തി പറവൂർ വിശുദ്ധ ഡോൺ ബോസ്ക്കോ ദേവാലയത്തിലെ തിരുഹൃദയ തിരുനാളിൽ പങ്കെടുത്ത് ആശംസകളർപ്പിയ്ക്കാൻ മുഖ്യമന്ത്രി വി.ഡി സതീശൻ എത്തി. സ്ഥലം എംഎൽ എ കൂടിയായ അദ്ദേഹം കഴിഞ്ഞ 25 വർഷങ്ങളായി തിരുന്നാളിന് പന്തൽ കാൽ നാട്ട് കർമ്മം നിർവ്വഹിച്ചു വരുന്നു. മുഖ്യമന്ത്രിയെ ഇടവക വികാരി ഫാ പ്രിൻസ് പട മാട്ടുമ്മൽ, സഹവികാരി ഫാ വിപിൻ മുതലാം പറമ്പിൽ,ജനറൽ കൺവീനർ ടോമികള ത്തിപ്പറമ്പിൽ ഇടവക ജനങ്ങളും ചേർന്ന് സ്വീകരിച്ചു തുടർന്ന് മുഖ്യമന്ത്രി തിരുന്നാളിന് ആശംസകൾ നേർന്നു. കോട്ടപ്പുറം രൂപത ബിഷപ് ഡോ അംബ്രോസ് പുത്തൻ വീട്ടിൽ സന്നിഹിതനായിരുന്നു.

ഇഞ്ചൂരിൽ റൊണാൾഡോയുടെ ഭീമൻ കട്ടൗട്ട് സ്ഥാപിച്ച് യുവാക്കൾ

കോതമംഗലം: ഫുട്ബോൾ ആവേശം ലഹരിവിരുദ്ധ സന്ദേശമാക്കി മാറ്റി കോതമംഗലം ഇഞ്ചൂർ അമ്പലംപടിയിലെ ഒരു കൂട്ടം യുവാക്കൾ. ഫിഫ ലോകകപ്പ് ആഘോഷങ്ങളുടെ ഭാഗമായി കോതമംഗലം ഇഞ്ചൂരിൽ ഉയർന്നത് പോർച്ചുഗീസ് ഇതിഹാസ ഫുട്ബോൾ താരം ക്രിസ്റ്റ്യനോ റൊണാൾഡോയുടെ ഭീമൻ കട്ടൗട്ട്.

കോതമംഗലം ഇഞ്ചൂരിൽ ഉയർന്ന റൊണാൾഡോയുടെ കൂറ്റൻ കട്ടൗട്ട്

യുവാക്കളെ ലഹരിയിലേക്ക് അടുപ്പിക്കുന്ന സാഹചര്യങ്ങൾക്കിടയിൽ, കായിക വിനോദങ്ങളിലേക്കും നല്ല ചിന്തകളിലേക്കും ശ്രദ്ധ തിരിക്കണമെന്ന ഉദ്ദേശത്തോടെയാണ് കൂറ്റൻ കട്ടൗട്ട് ഒരുക്കിയത്. ഭീമൻ കട്ടൗട്ട് പ്രദേശവാസികളുടെയും ഫുട്ബോൾ പ്രേമികളുടെയും ശ്രദ്ധ ആകർഷിച്ചു. ലോകകപ്പ് ആവേശം പകരുന്നതിനൊപ്പം ലഹരിവിരുദ്ധ ബോധവത്കരണ സന്ദേശവും പരിപാടിയിലൂടെ ശക്തമായി സമൂഹത്തിലേക്ക് എത്തിക്കാനായി ശ്രമിക്കുന്നുണ്ട് ഇവർ .അക്ബർ, റിസാൻ, ഡോ. അസ്ലം പുന്നക്കോട്ടയിൽ, മുഹമ്മദ് ഷാ, നഹാസ്, അബാദ് തുടങ്ങിയവരാണ് ഇതിനു പിന്നിൽ.

വേൾഡ് മലയാളി കൗൺസിൽ: പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു

കൊച്ചി: ഇറാൻ- അമേരിക്ക യുദ്ധം ആരംഭിച്ച സമയത്ത് പ്രതിസന്ധിയിലായ മലയാളികൾ ഏറ്റവും കൂടുതൽ ആശ്രയിച്ച സർക്കാർ ഇതര സംഘടന വേൾഡ് മലയാളി കൗൺസിലാണെന്ന് സംഘടനയുടെ ഗ്ലോബൽ ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ് പറഞ്ഞു. കൊച്ചിയിൽ സംഘടിപ്പിച്ച ഇന്ത്യ റീജിയൺ 2026 ബിനൈയൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യുദ്ധം മൂലമോ മറ്റ് സാഹചര്യങ്ങളാലോ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദേശ മലയാളികൾക്ക് ക്ഷേമ ബോർഡ് രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാരിനോടും, വിദേശ മലയാളികൾക്ക് വോട്ടവകാശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും യോഗം ആവശ്യപ്പെട്ടു. വേൾഡ് മലയാളി കൗൺസിൽ കെയർ ആന്റ് സേഫുമായി സഹകരിച്ച് കേരളത്തിലെമ്പാടും ആരോഗ്യ സംരക്ഷണ ബോധവത്കരണം നടത്തുമെന്ന് ഇന്ത്യ റീജിയൺ ചെയർമാൻ അഡ്വ.കെ.വി.സാബു പറഞ്ഞു. അഡ്വ.എം.ജി. ശ്രീജിത്ത്, ഡോ.പി.ബി.ബോസ്,ആർ.കെ.നായർ, ഡോ.ശങ്കർ അയ്യർ, വിഷ്ണു കർത്ത, കെ.വി.ഷാജി, അഡ്വ. ജി.പത്മകുമാർ, പ്രൊഫ.മോനമ്മ കോക്കാട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

അഡ്വ.കെ.വി.സാബു, അഡ്വ.എം.ജി.ശ്രീജിത്ത്

വേൾഡ് മലയാളി കൗൺസിലിൽ ഇന്ത്യ റീജിയൺ 2026 ബിനൈയൽ കോൺഫറൻസിന്റെ ഉദ്ഘാടനം ഗ്ലോബൽ ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ് നിർവ്വഹിക്കുന്നു.

വേൾഡ് മലയാളി കൗൺസിൽ ഇന്ത്യ റീജിയൺ യോഗം 2026-27 വർഷത്തെ ഭാരവാഹികളായി അഡ്വ.കെ.വി.സാബു (ചെയർമാൻ) അഡ്വ.എം.ജി.ശ്രീജിത്ത് (പ്രസിഡന്റ്), ആർ.കെ. നായർ (സെക്രട്ടറി), ജിന്നിമോൻ തോമസ് (ട്രഷറർ) ഹമീദ് കോഴിക്കോട് (വൈസ് ചെയർമാൻ) പി.ആർ.വിജയലക്ഷ്മി (വൈസ് പ്രസിഡന്റ്), കെ.വി. ഷാജി (ജോ.സെക്രട്ടറി), പ്രൊഫ.മോനമ്മ കോക്കാട്ട് (വുമൺ ഫോറം പ്രസിഡന്റ്), ലിസി ബൈജു (വുമൺ ഫോറം സെക്രട്ടറി) അഡ്വ.അഖിൽ കാക്കാട്ട് (യൂത്ത് ഫോറം പ്രസിഡന്റ്) എന്നിവരെ തെരഞ്ഞെടുത്തു.

ECO HOTELS
A CARBON NEUTRAL HOTEL BRAND

ECO HOTELS AND RESORTS LIMITED

Registered Office: 67/6446, Basin Road, Cochin, Ernakulam High Court, Ernakulam 682031, Kerala, India.
Corporate Office: Block No 4, Second Floor Raj Mahal Building, Veer Nariman Road, Churchgate, Mumbai, Maharashtra, India, 400020;
Tel: +91 22 44550546; **Email id:** investor.relations@ecohotels.in; **Website:** www.ehrlindia.in
Contact Person: Ms. Heena Supadia, Company Secretary & Compliance Officer

CORRIGENDUM TO THE NOTICE FOR PAYMENT OF THIRD AND FINAL CALL DATED MAY 30, 2026 TO THE HOLDERS OF PARTLY PAID- UP EQUITY SHARES HELD AS ON RECORD DATE I.E., FRIDAY, MAY 29, 2026 AND ADVERTISMENT PUBLISHED ON JUNE 03, 2026

The Eligible Shareholders are hereby informed that, due to technical reason, the Call Money Period for the Third and Final Call has been revised as follows:

NOTICE TO THE ELIGIBLE EQUITY SHAREHOLDERS OF THE COMPANY

PARTICULARS	OLD DATE	REVISED DATE
THIRD AND FINAL CALL MONEY PAYMENT PERIOD FROM	MONDAY, JUNE 15, 2026	TUESDAY, JUNE 16, 2026
THIRD AND FINAL CALL MONEY PAYMENT PERIOD TO	MONDAY, JUNE 29, 2026	TUESDAY, JUNE 30, 2026

Eligible Shareholders are requested to take note of the revised dates and ensure that payment of the Third and Final Call is made within the above-mentioned revised period. Except for the changes mentioned above, all other terms and conditions of the Third and Final Call Notice and Advertisement published on June 03, 2026 shall remain unchanged.
We regret any inconvenience caused due to this revision and appreciate your cooperation.
All the correspondence in this regard may be addressed to:

Bigshare Services Private Limited
Office No S6-2, 6th Floor, Pinnacle Business Park, Next to Ahura Centre, Mahakali Caves Road, Andheri (East) Mumbai– 400093.
Tel No.: +91 22–62638200. **Fax No.:** +91–22–62638299. **Website:** www.bigshareonline.com
E-mail ID: rightsissue@bigshareonline.com/ investor@bigshareonline.com
Contact Person: Mr. Prabhakar
SEBI Registration No: INR000001385

For Eco Hotels and Resorts Limited
On Behalf of the Board of Directors
Sd/-
Vinod Kumar Tripathi
Executive Chairman
DIN: 00798632

Date: June 15, 2026
Place: Mumbai